# ഒരു മിന്നൽപിണർ പോലെ

**കാർലൈൽ**

**1840–ൽ തോമസ് കാർലൈൽ ചെയ്ത പ്രഭാഷണങ്ങൾ അടുത്ത വർഷം 'ഓൺഹീറോസ് ആന്റ് ഹീറോ വർഷിപ്പ്' എന്ന ശീർഷകത്തിൽ പുസ്തക രൂപത്തിലിറങ്ങി. അദ്ദേഹം തെരഞ്ഞെടുത്ത ഹീറോകൾ മുഹമ്മദ്, ദാന്തേ, ഷേക്സ്പിയർ, ലൂതർ, റൂസോ, ക്രോംവെൽ, നെപ്പോളിയൻ എന്നിവരാണ്. ഒന്നര നൂറ്റാണ്ടു മുമ്പത്തെ ക്രൈസ്തവ യൂറോപ്പിന്റെ ഏകപക്ഷീയ വീക്ഷണങ്ങൾ സ്വായത്തമാക്കിക്കൊണ്ടുതന്നെ, അൽപം മാറിച്ചിന്തിക്കാൻ തയാറായതാണ് അദ്ദേഹത്തിന്റെ കഴിവ്. "മുഹമ്മദിനെ നാം എടുത്തുകാണിക്കുന്നത് ഏറ്റവും പ്രമുഖനായ പ്രവാചകനെന്ന നിലക്കല്ല; നമുക്ക് ഏറ്റവും തുറന്ന് പരാമർശിക്കാവുന്ന ഒരു പ്രവാചകനെന്ന നിലക്കാണ്. പ്രവാചകരിൽ വെച്ചേറ്റവും സത്യസന്ധനല്ലെങ്കിലും, സത്യസന്ധനായ ഒരു പ്രവാചകനെന്ന നിലക്ക്. പോരെങ്കിൽ, നമ്മളാരും മുഹമ്മദീയരായിത്തീരുന്ന അപകടമില്ലാത്തതിനാൽ, അദ്ദേഹത്തെപ്പറ്റി കഴിയുന്നത്ര നല്ലതു പറയാൻ തന്നെ ഞാനുദ്ദേശിക്കുന്നു." ഈ ആമുഖത്തോടെ കാൽലൈൽ പ്രവാചകനെ പരിചയപ്പെടുത്തുന്നു.**

**വിവ:** യാസീൻ അശ്റഫ്

**മുഹമ്മദിനെക്കുറിച്ച്** ഇന്ന് നമ്മുടെ ധാരണ സൂത്രശാലിയായ ഒരു കപടൻ, അസത്യത്തിന്റെ മൂർത്തി എന്നൊക്കെയാണ്. അദ്ദേഹത്തിന്റെ മതത്തെക്കുറിച്ച്, വ്യാജങ്ങളുടെയും പൊണ്ണത്തരത്തിന്റെയും ആകത്തുകയെന്നും നാം കരുതുന്നു. ഈ ധാരണ പക്ഷേ നിലനിൽപില്ലാത്തതായിത്തുടങ്ങിയിരിക്കുന്നു. ഈ മനുഷ്യനു ചുറ്റും സദുദ്ദേശ്യപൂർണമായ അത്യാവേശം കാരണം നാം കെട്ടിപ്പൊക്കിയ നുണകൾ നമുക്കു തന്നെയാണ് അപമാനം വരുത്തുന്നത്.

മുഹമ്മദിന്റെ ചെവിയിൽ കൊത്തിപ്പെറുക്കാൻ പരിശീലിപ്പിക്കപ്പെട്ട പ്രാവിനെ, തനിക്ക് വെളിപാടെത്തിക്കുന്ന മാലാഖയായി അദ്ദേഹം തെറ്റിദ്ധരിച്ചു എന്ന കഥയുണ്ടല്ലോ. ഈ കഥക്ക് തെളിവെന്തുണ്ടെന്ന് പോകോക്ക് ഗ്രോഷ്യസിനോട് ചോദിച്ചപ്പോൾ, തെളിവൊന്നുമില്ലെന്ന് ഗ്രോഷ്യസ് ഏറ്റുപറഞ്ഞു! ഇത്തരത്തിലുള്ളതൊക്കെ തള്ളിക്കളയേണ്ട സമയമായി. ഈ മനുഷ്യൻ ഉരുവിട്ടത് കഴിഞ്ഞ 1200 വർഷങ്ങളായി പതിനെട്ട് കോടി മനുഷ്യരുടെ ജീവിതത്തിന് മാർഗദർശനമായിരുന്നു. ഈ പതിനെട്ട് കോടിയും നമ്മെപ്പോലെ തന്നെ ദൈവത്തിന്റെ സൃഷ്ടികളാണല്ലോ. ഇപ്പോൾ തന്നെ, മറ്റേത് വാക്കിലും വിശ്വസിക്കുന്നതിനേക്കാൾ കൂടുതൽ ദൈവസൃഷ്ടികൾ മുഹമ്മദിന്റെ വാക്കിൽ വിശ്വസിക്കുന്നു. സർവശക്തന്റെ ഇത്രയധികം സൃഷ്ടികൾ ജീവിതത്തിലും മരണത്തിലും അനുസരിച്ച ഇത്, ഒന്നിനും കൊള്ളാത്ത ഒരു ആത്മീയ ചെപ്പടിവിദ്യയായിരുന്നുവെന്നാണോ നാം വിചാരിക്കേണ്ടത്? എന്നെ സംബന്ധിച്ചേടത്തോളം ആ വിചാരം സാധ്യമേയല്ല.

പക്ഷേ ഒരു മഹദ്വ്യക്തിയെപ്പറ്റി ഞാൻ വിശേഷിച്ചും ഉറപ്പിച്ചുപറയും; അയാൾ സത്യസന്ധനാവാതെ വയ്യെന്ന്.... മൗനിയും മഹത്തുമായ ഒരാത്മാവ്. ആത്മാർഥരാവാതിരിക്കാൻ പറ്റാത്തവരിൽ ഒരാളായിരുന്നു അദ്ദേഹം....

ഇത്തരമൊരു വാക്ക് പ്രകൃതിയുടെ സ്വന്തം ഹൃദയത്തിൽ നിന്നു വരുന്ന ശബ്ദമാണ്. മറ്റൊന്നിനും നൽകാത്ത ശ്രദ്ധ മനുഷ്യർ അതിന് കൊടുക്കുന്നു; കൊടുക്കണം– മറ്റെല്ലാം അതുമായി തട്ടിച്ചു നോക്കിയാൽ വെറും കാറ്റു മാത്രം. പണ്ടുതൊട്ടേ തീർഥാടനങ്ങളിലും പ്രയാണങ്ങളിലും ഒരായിരം ചിന്തകൾ ഈ മനുഷ്യനിലുദിച്ചിരുന്നു: ഞാനാര് ? മനുഷ്യൻ പ്രപഞ്ചമെന്നു വിളിക്കുന്ന,

ഞാൻ ജീവിക്കുന്ന ഈ നിഗൂഢത എന്താണ്? എന്താണ് ജീവിതം? എന്താണ് മരണം? ഞാനെന്താണ് വിശ്വസിക്കേണ്ടത്? ഞാനെന്താണ് ചെയ്യേണ്ടത്? ഹിറാമലയുടെ, സീനായ് മലയുടെ തീക്ഷ്ണ ശിലകൾ മറുപടിയോതിയില്ല. തലക്കുമീതെ നീലനിമീലിതങ്ങളായ താരങ്ങളെയും വഹിച്ച് മൂകമായിക്കിടക്കുന്ന വാനവും പറഞ്ഞില്ലൊന്നും. മറുപടി ഒന്നുമുണ്ടായില്ല. ആ മനുഷ്യന്റെ സ്വന്തം ആത്മാവ്, അതിൽ വസിച്ച ദിവ്യ പ്രചോദനം, പറയേണ്ടിവന്നു ഉത്തരം.

എല്ലാ മനുഷ്യരും സ്വയം ചോദിക്കേണ്ടതുതന്നെ അത്; നമ്മളും ചോദിക്കണം. ഉത്തരം പറയണം. ഈ നിരക്ഷരനാണ് അത് സർവപ്രധാനമായി തോന്നിയത്; മറ്റെല്ലാം തീരെ അപ്രധാനവും. തർക്കപ്രധാനമായ ഗ്രീക്ക് സെക്ടുകൾ, ജൂതരുടെ അവ്യക്ത ചര്യകൾ, അറബി വിഗ്രഹപൂജയുടെ മൂഢശീലങ്ങൾ– ഇവയിലൊന്നും ഉത്തരമില്ലായിരുന്നു. ഒരു നായകന്റെ സവിശേഷതയുടെ ആകത്തുകതന്നെ ഇതാണ്; അദ്ദേഹം വസ്തുക്കളുടെ പ്രതീതികൾക്കപ്പുറത്ത് വസ്തുക്കളിലേക്കു തന്നെ നോക്കുന്നു.....

നാൽപതാം വയസ്സിലെ റമദാനിലും പതിവുപോലെ മഹമ്മദ് ഹിറാഗുഹയിൽ ഒരു മാസത്തെ പ്രാർഥനക്കും മേൽപ്പറഞ്ഞ ചോദ്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനുമായെത്തി. ഒരു ദിവസം അദ്ദേഹം പത്നി ഖദീജയോടു പറഞ്ഞു; വിവരിക്കാനാവാത്ത ഈശ്വരാനുഗ്രഹംകൊണ്ട് താൻ സത്യം കണ്ടെത്തിയെന്ന്, ഇക്കാണുന്ന വിഗ്രഹങ്ങളും സൂത്രവാക്യങ്ങളുമെല്ലാം ഒന്നുമല്ലാത്ത മരക്കഷണങ്ങൾ മാത്രമാണെന്ന്, സർവവ്യാപിയും സർവാധിപനുമായ ദൈവം ഏകനാണെന്ന്, നാം വിഗ്രഹങ്ങളെയെല്ലാം വിട്ട് അവനിലേക്ക് നോക്കണമെന്ന്, ദൈവം മഹാനാണെന്ന്, അവനാണ് സത്യം; മരവിഗ്രഹങ്ങൾ സത്യമല്ല, അവൻ സത്യമാണ്. അവൻ നമ്മെ ആദ്യം സൃഷ്ടിച്ചു; ഇപ്പോഴും സംരക്ഷിക്കുന്നു. നമ്മളും മറ്റെല്ലാ വസ്തുക്കളും അവന്റെ നിഴൽ മാത്രം; നിത്യപ്രതാപത്തെ മറയ്ക്കുന്ന നൈമിഷികാവരണം മാത്രം. 'അല്ലാഹു അക്ബർ', ദൈവം മഹാനാണ്; 'ഇസ്‌ലാം'–നാം ദൈവത്തിനു വഴങ്ങണം. നമ്മുടെ ശക്തിയെല്ലാം അവനു കീഴ്‌വണങ്ങുന്നതിലാണെന്ന്; അവൻ നമ്മോട് എന്തുതന്നെ ചെയ്താലും ഈ ലോകത്തും പരലോകത്തും അതാണു നല്ലത്. അവൻ അയച്ചുതരുന്നത്, അത് മരണമാകട്ടെ അതിനേക്കാൾ മോശമാകട്ടെ, നല്ലതേ ആയിരിക്കൂ; ഏറ്റവും നല്ലതായിരിക്കും; നാം ദൈവത്തിനു സ്വയമർപ്പിക്കുക.....

വാളുപയോഗിച്ചാണ് മുഹമ്മദ് മതം പ്രചരിപ്പിച്ചതെന്ന് ഒരുപാട് പറഞ്ഞിട്ടുണ്ട്. ക്രിസ്തുമതത്തെപ്പറ്റി നാം അഭിമാനം കൊള്ളുമ്പോൾ – സമാധാനപൂർവം പ്രബോധനം ചെയ്തും വിശ്വസിച്ചുമാണ് അത് പ്രചരിച്ചതെന്നു പറയുമ്പോൾ –അത് വളരെയേറെ ഉദാത്തം തന്നെ. പക്ഷേ ഇത് ഒരു മതത്തിന്റെ സത്യാവസ്ഥയുടെയും കാപട്യത്തിന്റെയും ഉരകല്ലായെടുക്കുന്നത് വലിയ തെറ്റാവും. വാളു പോലും! എവിടന്ന് കിട്ടാനാണത്! ഏത് അഭിമതവും തുടക്കത്തിൽ ഒരൊറ്റയാളിലാണ് തുടങ്ങുന്നത്. ഒരാളുടെ തലയിൽ അത് തൽക്കാലം നിലകൊള്ളുന്നു. ലോകത്തൊട്ടാകെ ഒരേയൊരാൾ അത് വിശ്വസിക്കുന്നു; മറ്റെല്ലാവർക്കുമെതിരിൽ ഒരാൾ. അയാൾ വാളെടുത്ത് അതുകൊണ്ട് പ്രചാരണത്തിനിറങ്ങിയിട്ട് എന്ത് നേടാനാണ്! വാളു കിട്ടണ്ടേ ആദ്യം? മൊത്തത്തിൽ പറഞ്ഞാൽ, ഒരു ആശയം കഴിവനുസരിച്ച് സ്വയം പ്രചരിപ്പിക്കുകയാണ് ചെയ്യുക. പിന്നെ വാളുകിട്ടിയ ശേഷമാണെങ്കിലോ, അതിനെ പാടേ തള്ളിക്കളഞ്ഞതായി ക്രിസ്തു മതത്തിലും നമുക്ക് കാണാനാവില്ലല്ലോ. സാക്സനുകളെ ഷാൾമേൻ മതംമാറ്റിയത് പ്രസംഗിച്ചിട്ടല്ല... ഗോതമ്പു റൊട്ടിയും വെള്ളവുമാണദ്ദേഹത്തിന്റെ പതിവു ഭക്ഷണം. പാദരക്ഷകൾ സ്വയം തുന്നും. വസ്ത്രങ്ങൾ സ്വയം കഷ്ണം വെക്കും. പക്ഷേ ഇദ്ദേഹം അനുസരിക്കപ്പെട്ടതുപോലെ കിരീടം ധരിച്ച ഒരു ചക്രവർത്തിയും അനുസരിക്കപ്പെട്ടില്ല....

മുഹമ്മദിന് അത്ഭുതങ്ങൾ പ്രവർത്തിക്കാനാവില്ല; അദ്ദേഹം പലപ്പോഴും അക്ഷമനായി അതു വ്യക്തമാക്കി: 'എനിക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കാനാവില്ല. ഞാനോ? ഞാൻ ഈ ആദർശം സർവസൃഷ്ടികളോടും പ്രബോധനം ചെയ്യാൻ നിയുക്തനായ പൊതു പ്രബോധകൻ'. എങ്കിലും ഈ ലോകം ആദ്യംതൊട്ടേ ഒരു മഹാത്ഭുതമായിരുന്നു അദ്ദേഹത്തിന്. ഈ ലോകമാകെ കണ്ണോടിച്ചു നോക്കൂ. –അദ്ദേഹം പറയുന്നു– ഇത്, ദൈവത്തിന്റെ സൃഷ്ടി, അത്ഭുതകരമല്ലേ? നിങ്ങൾ കണ്ണുതുറന്നെങ്കിൽ അത് മുഴുവൻ നിങ്ങൾക്കൊരു 'അടയാള'മാണ്. ഈ ഭൂമി– നിങ്ങൾക്കായി ദൈവമതുണ്ടാക്കി...

മുഹമ്മദിനെ ഞാൻ ഇഷ്ടപ്പെടുന്നത് നാട്യങ്ങൾ തീരെയില്ലാത്തയാളെന്ന നിലക്കാണ്. പരുക്കനും എന്തും സ്വയം ചെയ്യുന്നവനുമായ മരുഭൂമിയുടെ പുത്രൻ. താൻ അല്ലാത്തത് ആണെന്നദ്ദേഹം ഭാവിക്കുന്നില്ല. പ്രകടനാത്മകമായ അഹന്ത അദ്ദേഹത്തിലില്ല; എന്നുവെച്ച് അതിരു കവിഞ്ഞ വിനയവുമില്ല. തനിക്കാവുന്നതെന്തോ അതാണദ്ദേഹം: സ്വയം ഉണ്ടാക്കിയ വസ്ത്രവും പാദുകവും ധരിച്ച്, എല്ലാവിധ പേർഷ്യൻ രാജാക്കന്മാരോടും യവന ചക്രവർത്തിമാരോടും അവരെന്തു ചെയ്യണമെന്ന് വെട്ടിത്തുറന്നു പറയുന്നു.....

അറബ് ദേശത്തിന് അത് ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കുള്ള പിറവിയായിരുന്നു; അതുമൂലമാണ് അറേബ്യ ആദ്യം സജീവമായത്. പ്രപഞ്ചസൃഷ്ടി മുതൽ അതിന്റെ മരുഭൂക്കളിൽ ആരുമറിയാതെ അലഞ്ഞുനടന്ന ദരിദ്രരായ ഇടയന്മാർ; അവർക്കിടയിലേക്ക് അവർക്ക് വിശ്വസിക്കാവുന്ന വചനവുമായി ഒരു പ്രവാചക നായകൻ അയക്കപ്പെട്ടു: കണ്ടോ–ശ്രദ്ധിക്കപ്പെടാതിരുന്നത് ആഗോളശ്രദ്ധ നേടുന്നു; ചെറുതായിരുന്നത് ലോകത്തോളം വലുതായിരിക്കുന്നു. തുടർന്ന് ഒരു നൂറ്റാണ്ടു കൊണ്ട് അറേബ്യ ഇങ്ങ് ഗ്രനഡവരെയും അങ്ങ് ദൽഹി വരെയും എത്തി. ധീരതയിലും പ്രതാപത്തിലും പ്രതിഭയുടെ ശോഭയിലും വിളങ്ങിക്കൊണ്ട് അറേബ്യ യുഗങ്ങളോളം ലോകത്തിന്റെ വലിയ ഭാഗത്ത് ജ്വലിച്ചുനിൽക്കുന്നു. വിശ്വാസം മഹത്തരം തന്നെ–ജീവദായകം. വിശ്വസിക്കുന്നതോടെ ഒരു ദേശത്തിന്റെ ചരിത്രം സഫലമാകുന്നു. അതിന് ആത്മീയോൽക്കർഷവും മഹത്വവും കൈവരുന്നു. ഈ അറബികൾ, മുഹമ്മദെന്ന ആ മനുഷ്യൻ, ആ ഒരു നൂറ്റാണ്ട് – ഇരുണ്ട് അഗണ്യമായ വെറും മണലുപോലുള്ള ഒരു ലോകത്ത് ഒരു തീപ്പൊരി, ഒരൊറ്റ തീപ്പൊരി വീണപോലെ; പക്ഷേ ആശ്ചര്യം! ആ മണൽ പൊട്ടിത്തെറിക്കുന്ന വെടിമരുന്നായി ദൽഹി മുതൽ ഗ്രനഡ വരെ വാനോളം കത്തിപ്പടരുന്നു! ഞാൻ പറഞ്ഞല്ലോ, മഹാത്മാവ് എക്കാലത്തും മാനത്തുനിന്ന് വരുന്ന മിന്നൽ പോലെയാണ്. മറ്റുള്ളവരെല്ലാം ഇന്ധനം തീയിനെയെന്നവണ്ണം അദ്ദേഹത്തെ കാത്തിരുന്നു. അവർക്കും ജ്വാലയായി പടരാൻ വേണ്ടി. ●